**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2052** **09-12-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ദയാഭായി നടത്തിയ നിരാഹാര സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സാമൂഹിക പ്രവർത്തകയായ ദയാഭായി തിരുവനന്തപുരത്ത് നടത്തിയ നിരാഹാര സമരം അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇടപെട്ടിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സാമൂഹിക പ്രവർത്തകയായ ശ്രീമതി. ദയാഭായി തിരുവനന്തപുരത്ത് നടത്തിയ നിരാഹാര സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സമര സംഘാടക സമിതിയുമായി ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രിയും 2022 ഒക്ടോബർ 16 ന് നടത്തിയ ചർച്ചയെ തുടർന്ന് നിരാഹാര സമരം അവസാനിച്ചു. |
| (ബി) | സർക്കാറിന്റെ ഇടപെടലും ഉറപ്പുകളും ആണോ ദയാഭായി നിരാഹാര സമരം അവസാനിപ്പിക്കാൻ കാരണം എന്ന് വ്യക്തമാക്കാമോ; | (ബി) | അതെ. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി സാമൂഹിക പ്രവർത്തകയായ ശ്രീമതി. ദയാഭായി നടത്തിയ നിരാഹാര സമരം, സമര സംഘാടക സമിതിയുമായി ബഹു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യ നീതി വകുപ്പ് മന്ത്രിയും ബഹു. ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രിയും 2022 ഒക്ടോബർ 16 ന് നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങളെ തുടർന്നാണ് അവസാനിപ്പിച്ചത്. |
| (സി) | എങ്കിൽ സർക്കാർ നൽകിയ ഉറപ്പുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ നൽകിയ ഉറപ്പുകൾ ചുവടെ ചേർക്കുന്നു.<br>1. കാസർഗോഡ് ജില്ലയിലെ ഗവ. മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ എൻഡോസൾഫാൻ ബാധിതർക്ക് ചികിത്സയ്ക്ക് നിലവിൽ മുൻഗണന നൽകുന്നുണ്ട്. ഇത് തുടർന്നും നൽകും. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രിയും കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പൂർണ്ണമായും സജ്ജമാകുന്ന മുറയ്ക്ക് എൻഡോസൾഫാൻ ബാധിതർക്ക് മറ്റ് |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ നൽകുന്ന മുൻഗണന ഇവിടെയും നൽകും.<br><br>എൻഡോസൾഫാൻ ബാധിതതരുടെ പ്രശ്നം കൂടി കണ്ടുകൊണ്ട് കാസർഗോഡ് ജില്ലയിൽ ന്യൂറോളജി ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ന്യൂറോളജിസ്റ്റുകളെ നിയമിച്ചു കൊണ്ടുള്ള സർക്കാരിന്റെ നടപടിയുടെ തുടർച്ചയായി, പരമാവധി ഒരു വർഷത്തിനുള്ളിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് സൗകര്യം വിപുലപ്പെടുത്താനുള്ള നടപടി സ്വീകരിക്കും.<br><br>2. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കും,<br><br>3. ഗ്രാമപഞ്ചായത്ത്/ നഗരസഭകളിലും ബഡ്സ് സ്കൂളുകളിലും ദിനപരിചരണത്തിന് പ്രത്യേക സംവിധാനം ഒരുക്കും<br><br>4. എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനുള്ള അപേക്ഷ രണ്ട് മാസത്തിനുള്ളിൽ സമർപ്പിച്ച് കഴിഞ്ഞാൽ 5 മാസത്തിനകം ഇത് പരിശോധിച്ച് പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. |
| (ഡി) | പ്രസ്തുത ഉറപ്പുകൾ പ്രകാരം ഏതെല്ലാം കാര്യങ്ങൾ ഇതിനകം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ? | (ഡി) | ദുരിതബാധിതർക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ ആശുപത്രിയിൽ ന്യൂറോളജിസ്റ്റിനെ നിയമിക്കുകയും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്.<br><br>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സാ സൗകര്യങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. കാസർഗോഡ് ടാറ്റാ ട്രസ്റ്റ് ആശുപത്രി, കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവ പൂർണ്ണമായും സജ്ജമാകുന്ന മുറയ്ക്ക് എൻഡോസൾഫാൻ ദുരിത ബാധിതർക്ക് മുൻഗണന നൽകുന്നതായിരിക്കും<br><br>എൻഡോസൾഫാൻ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രി എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ 20/12/2022നുള്ളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023 ഫെബ്രുവരി , മാർച്ച് മാസങ്ങളിൽ ക്യാമ്പ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മാതൃകാ ശിശുപുനരധിവാസ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി കേരള സാമൂഹ്യസുരക്ഷാ മിഷനെ ഏൽപ്പിച്ച എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ മൂളിയാർ, കാറഡുക്ക, ബെള്ളൂർ, കുമ്പടാജെ, കയ്യൂർ ചീമേനി എന്നീ 5 ബഡ്സ് സ്കൂളുകൾ സുഗമമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മേൽപ്പറഞ്ഞ 5 ബഡ്സ് സ്കൂളിലും പെരിയ ബഡ്സ് സ്കൂളിലും ആവശ്യമുള്ള സ്പെഷ്യൽ എഡ്യുക്കേറ്റർ, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, ആയ , സെക്യൂരിറ്റി എന്നിവരെ നിയമിച്ചിട്ടുണ്ട്. ടി. സ്കൂളുകളിൽ ആവശ്യമുള്ള ഫർണിച്ചറുകൾ, പഠന/തെറാപ്പി ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ